## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5038 27.06.2019-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിദേശത്ത് വച്ച് മരണമടയുന്ന പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) | ഉദ്യോഗ ദാതാവ്, സ്പോൺസർമാർ, എംബസ്സി, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവ വഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ, ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനായാണ് നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ രണ്ടു പദ്ധതികൾക്കുമായി 72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. Air India/ Air India Express എന്നിവരുമായി ബന്ധപ്പെട്ട കേന്ദ്രീകൃത സംവിധാനം വഴിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിന് നോർക്ക റൂട്ട്സ് എയർ ഇന്ത്യയുമായി ഒപ്പിടാനുള്ള ധാരണാപത്രം (MoU) സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകാൻ അടിയന്തരമായി ബന്ധപ്പെടേണ്ട കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | ബി) | നോർക്ക-റൂട്ട്സിന്റെ ഗ്ലോബൽ കോൺടാക്റ്റ് സെന്ററിലെ ചുവടെപ്പറയുന്ന ടോൾ ഫ്രീ നമ്പരുകളിൽ അടിയന്തരഘട്ടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.<br>1800 425 3939 (ഇന്ത്യയിൽ നിന്നും),<br>00918802012345 (വിദേശത്തു നിന്നും) |

സെക്ഷൻ ഓഫീസർ